# ലോകസഭാ തിരഞ്ഞെടുപ്പ് 2009

വന്ദ്യ വൈദീകരേ, പ്രിയ സഹോദരങ്ങളേ,

നിലവിലുള്ള ലോക്സഭയുടെ കാലാവധി തീരാറായി. കേരളത്തിൽ വരുന്ന ഏപ്രിൽ മാസം 16-ാം തിയതി നടക്കാൻ പോകുന്ന തിരഞ്ഞെടുപ്പിനെ നേരിടുവാനും അതിനുവേണ്ട സ്ഥാനാർത്ഥികളെ നിർദ്ദേശിക്കാനുമുള്ള തിരക്കിലാണ് രാഷ്ട്രീയ പാർട്ടികളെല്ലാം. നമ്മുടെ രാജ്യത്തിന്റെ ഭാവിയും പൗരന്മാരുടെ സുസ്ഥിതിയും തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളെ ആശ്രയിച്ചിരിക്കും. സ്വഭാവ ശുദ്ധിയുള്ളവരും നേതൃത്വ ഗുണങ്ങളുള്ളവരും രാജ്യത്തെ സ്നേഹിക്കുന്നവരും ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാൻ കഴിവുള്ളവരും ജനപ്രതിനിധികൾ പൊടുന്നനവേ ഭൂമിയിൽ നിന്നും പൊട്ടിമുളച്ച് വരാനൊന്നും പോകുന്നില്ല. ഇങ്ങനെയുള്ളവരെ തിരിച്ചറിയുവാനും തിരഞ്ഞെടുക്കുവാനുമുള്ള അവകാശമാണ് വോട്ടവകാശം വഴി പൗരന്മാരായ നാമോരോരുത്തരും വിനിയോഗിക്കുന്നത്. അയോഗ്യരായ ജനപ്രതിനിധികളാണ് നാളെ ലോകസഭയിലേയ്ക്ക് കടന്നു വരുന്നതെങ്കിൽ അതിനും അതിന്റെ ഫലമായി രാജ്യത്തിനുണ്ടാകുന്ന അധഃപതനത്തിനും കാരണം നാമോരോരുത്തരും തന്നെയായിരിക്കും. അതുകൊണ്ട് വോട്ടവകാശം നമ്മിൽ നിക്ഷിപ്തമാക്കുന്ന ഉത്തരവാദിത്വത്തെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കുവാനും ഫലപ്രദമായ രീതിയിൽ ഈ അവകാശം വിനിയോഗിക്കുവാനുമുള്ള ഒരു അവസരമാണിത്.

മേല്പറഞ്ഞ ഉദ്ദേശത്തോടെ 2009 ഫെബ്രുവരി മാസം 19-ാം തിയതി ഭാരത കത്തോലിക്കാ മെത്രന്മാരുടെ സമിതി പ്രസിദ്ധീകരിച്ച ഒരു മാർഗരേഖ ലഭിക്കുകയുണ്ടായി. ഇതിനെ സഭ രാഷ്ട്രീയത്തിൽ ഇടപെടരുതെന്ന് വിലക്കുന്ന ഒരു മാർഗ്ഗരേഖയായി ചില മാദ്ധ്യമങ്ങളൊക്കെ വ്യാഖ്യാനിക്കുന്നത് കേട്ടു. അത് ശരിയായ വ്യാഖ്യാനമല്ല. നേരെ മറിച്ച് സഭാംഗങ്ങളെല്ലാം തങ്ങളുടെ വോട്ടവകാശം നേരായ രീതിയിൽ വിനിയോഗിക്കുവാനായി രാഷ്ട്രീയ സ്ഥിതിഗതികളെ പൊതുവായി വിലയിരുത്തിയ ശേഷം ചില മാർഗ്ഗനിർദ്ദേശങ്ങൾ തരുന്നതാണ് ഈ മാർഗ്ഗരേഖ. വ്യക്തികളെ നിശബ്ദമാക്കുന്ന ഒരു പ്രസ്ഥാനമല്ല ഈ മെത്രാൻ സമിതി. അതുകൊ ണ്ടു തന്നെ ഈ സമിതി അതിന്റെ നിർദ്ദേശങ്ങൾ ഭാരതത്തിലെ വ്യക്തിസഭകളുടെമേലും പ്രാദേശിക സഭകളായ രൂപതകളുടെ മേലും അടിച്ചേല്പിക്കാറില്ല. പ്രാദേശിക സഭകൾ മെത്രാൻ സമിതിയുടെ നിർദ്ദേശങ്ങളെ അങ്ങേയറ്റം മാനിക്കുന്നതുപോലെ പ്രാദേശിക സഭകളുടെ പ്രത്യേകതകളെയും മെത്രാൻ സമിതി മാനിക്കുന്ന ഒരു പതിവാണുള്ളത്.

സഭാംഗങ്ങൾ വിവിധ രാഷ്ട്രീയ പാർട്ടികളോട് അനുഭാവം പുലർത്തുന്നവരാണ്. അതുകൊണ്ടു തന്നെ കക്ഷിരാഷ്ട്രീയത്തിൽ സഭ ഇടപെടാറില്ല. എന്നാൽ സഭയുടെ വിശ്വാസ സംഹിതകൾക്കും ധാർമ്മിക മൂല്യങ്ങൾക്കും തുരങ്കം വയ്ക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്കെതിരെ സഭ ശക്തമായി പ്രതികരിക്കുകയും അതിനായി സഭാംഗങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്യും എന്നതിന് യാതൊരു സംശയവും വേണ്ട.

വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ച സഭയുടെ ആധികാരിക പഠനങ്ങളൊഴികെ മറ്റെല്ലാതലങ്ങളിലും മനഃസാക്ഷിയനുസരിച്ച് തീരുമാനങ്ങളെടുക്കാനുള്ള സ്വാതന്ത്ര്യം സഭാംഗങ്ങൾക്കുണ്ട്. മനസ്സാക്ഷിയനുസരിച്ച് ഇഷ്ടമുള്ള പാർട്ടിക്കൊ വ്യക്തിക്കോ സഭാംഗങ്ങൾക്ക് വോട്ടു ചെയ്യാം. സഭ വളരെ പരിശുദ്ധവും പരിപാവനവുമായി കരുതുന്ന അവകാശവും സ്വാതന്ത്ര്യവുമാണിത്. ഇക്കാര്യത്തിൽ ആരുടെയും സമ്മർദ്ദത്തിന്, അഥവാ അപ്രകാരമൊരു സമ്മർദ്ദം സഭയുടെ ഭാഗത്തു

നിന്നുണ്ടായാൽ പോലും, സഭാംഗങ്ങളാരും വഴങ്ങണമെന്നില്ല. ഓരോരുത്തരും ആർക്കാണ് വോട്ട് ചെയ്തതെന്ന് സഭ അന്വേഷിക്കാറില്ല. ഒരു പ്രത്യേക പാർട്ടിക്കോ വ്യക്തിക്കോ വോട്ട് ചെയ്തതിന്റെ പേരിൽ സഭ ആർക്കെതിരായും ഒരു ശിക്ഷണ നടപടിയും എടുക്കാറില്ല.

ഇടയലേഖനങ്ങളെല്ലാം വിശ്വാസികളുടെമേൽ സമ്മർദ്ദം ചെലുത്താനുള്ള ഉപാധികളല്ലേ? ഒരിക്കലുമല്ല. വളരെ താമസിയാതെ തന്നെ വിവിധ പാർട്ടികളും സ്ഥാനാർത്ഥികളും അവരവരുടേതായ കാഴ്ചപ്പാടുകൾ നിങ്ങളുടെ മുമ്പിൽ നിരത്തിവച്ചുകൊണ്ട് വോട്ടിനായി നിങ്ങളെ സമീപിക്കും. ഇവരെക്കാൾ കൂടുതലായി ഇടയനെന്ന നിലയിൽ തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന ചില പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നിങ്ങൾക്ക് തരുവാനുള്ള അവകാശവും കടമയും എനിക്കുണ്ട്. ഓരോ വ്യക്തിയുടെയും പ്രത്യേക സാഹചര്യങ്ങൾ എനിക്ക് അറിയാത്തതുകൊണ്ടും നിങ്ങളിൽ ധാരാളം പേർ ഏന്നെക്കാൾ കൂടുതലായി രാഷ്ട്രീയ പ്രബുദ്ധതയുള്ളവരായതു കൊണ്ടും എന്റെ കാഴ്ച്ചപാടുകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുവാനോ തിരസ്ക്കരിക്കുവാനോ ഉള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. എന്നാൽ മനഃസാക്ഷിയനുസരിച്ച് നിങ്ങളുടേതായ ഒരു തീരുമാനമെടുക്കുന്നതിനു മുൻപ് എന്റെ മാർഗ്ഗനിർദ്ദേശങ്ങളെ ഗൗരവമായി വിലയിരുത്തുവാനുള്ള കടമയും നിങ്ങൾക്കുണ്ട്.

മനഃസാക്ഷിയനുസരിച്ച് തീരുമാനമെടുക്കുന്നതിന്റെ ഫലമായിട്ടാണ് ഓരോ വ്യക്തിയും സഭയുടെയും അതേസമയം തന്നെ ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയുടെയും അംഗമായിരിക്കുന്നത്. എന്നാൽ മനഃസാക്ഷിയുടെ ഈ അവകാശവും സ്വാതന്ത്ര്യവും വെറുമൊരു അവസരവാദമായി മാറരുത്. ഒരു രാഷ്ട്രീയ പാർട്ടിയുടെ ഉന്നതനായ നേതാവ് വളരെ വ്യക്തമായി പറഞ്ഞുകഴിഞ്ഞു, ഈശ്വരവിശ്വാസികൾക്കാർക്കും തന്നെ ആ പാർട്ടിയിലെ അംഗമായിരിക്കാൻ സാധിക്കുകയില്ലെന്ന്. ഒരു പടികൂടികടന്ന് സഭയ്ക്കും ഇതു തന്നെ പറയാൻ സാധിക്കും; ഈശ്വരവിശ്വാസത്തെ നിഷേധിക്കുകയും അതിനെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പാർട്ടികളിൽ ഈശ്വരവിശ്വാസികൾക്കാർക്കും തന്നെ അംഗമായിരിക്കാൻ സാധിക്കുകയില്ല. രണ്ടു ദിശകളിലേയ്ക്ക് പോകുന്ന വള്ളങ്ങളിൽ ഒരേ സമയം തന്നെ കാലുകൾ ചവിട്ടി നിൽക്കുന്നത് അപകടകരമാണ്. യേശുവിന്റെ ഈ വചനങ്ങൾ നമുക്ക് സുപരിചിതങ്ങളാണല്ലോ: ''രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും സാധിക്കുകയില്ല... ദൈവത്തെയും മാമോനെയും സേവിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല'' (മത്താ. 6, 24). നിരീശ്വര പ്രസ്ഥാനങ്ങളെ പിൻതുണയ്ക്കുന്നവർ അവർ യഥാർത്ഥത്തിൽ മനഃസാക്ഷിയുടെ സ്വരം ശ്രവിക്കുന്നവരാണെങ്കിൽ, സഭയ്ക്ക് പുറത്തു നിൽക്കുകയല്ലേ വേണ്ടത്?

തിരഞ്ഞെടുപ്പിനെ ജയിക്കാനായി ഏതുമാർഗ്ഗവും സ്വീകരിക്കുന്ന സ്ഥാനാർത്ഥികളെ നാം സൂക്ഷിക്കണം. ബലപ്രയോഗത്തിലൂടെയും അക്രമത്തിലൂടെയും കള്ളവോട്ടിലൂടെയും ജയിക്കാൻ ശ്രമിക്കുന്നവരുണ്ട്. പണവും മദ്യവും കൊടുത്ത് വോട്ട് വിലയ്ക്കു മേടിക്കുവാൻ ശ്രമിക്കുന്നവരുണ്ട്. പരസ്യങ്ങളിലൂടെയും പ്രചരണങ്ങളിലൂടെയും സ്ഥാനാർത്ഥികൾ നൽകാൻ പോകുന്ന പൊള്ളയായ വാഗ്ദാനങ്ങളും വീരവാദങ്ങളും നാം കേൾക്കാൻ പോകുന്നതേയുള്ളൂ. കോടിക്കണക്കിന് രൂപ മുടക്കുവരുന്ന ഇവരുടെ തരം താഴ്ന്ന സമീപനരീതികൾക്ക് നാം ഇരയായിത്തീരരുത്. വ്യക്തികൾക്ക് പുറമേ ഓരോ ഇടവകയിലെയും ഉത്തരവാദിത്വപ്പെട്ടവർ തങ്ങളുടെ ന്യായമായ ആവശ്യങ്ങളും താല്പര്യങ്ങളും സ്ഥാനാർത്ഥികളുടെ മുമ്പിൽ അവതരിപ്പിക്കുകയും അവയെ സംബന്ധിച്ച സ്ഥാനാർത്ഥികളുടെ നിലപാടുകൾ വ്യക്തമായി മനസ്സിലാക്കുകയും സാധിക്കുന്നിടത്തോളം രേഖാമൂലമുള്ള ഉറപ്പ് അവരിൽ നിന്ന് ആവശ്യപ്പെടുകയും ചെയ്യണം. ഉത്തരവാദിത്വത്തോടു കൂടി ആർക്കു വോട്ടു ചെയ്യണമെന്ന് ആലോചിച്ചു തീരുമാനിക്കാൻ ഇത്തരം സമീപനരീതി സഹായിക്കും. ഇങ്ങനെ

സ്ഥാനാർത്ഥികളുമായുള്ള ആശയവിനിമയത്തിലൂടെ അവർതാഴെപ്പറയുന്ന സവിശേഷതകളുള്ളവരാണോ എന്ന് തിരിച്ചറിയണം:

- ഭരണഘടനയുടെ മതേതരസ്വഭാവത്തെ മാനിക്കുന്ന സ്ഥാനാർത്ഥികളെ വേണം നാം ജയിപ്പിക്കുവാൻ. ഭരണഘടനയനുസരിച്ച് ഏതെങ്കിലുമൊരു മതത്തിൽ ചേരുവാനോ ചേരാതിരിക്കുവാനോ, ദൈവത്തിൽത്തന്നെ വിശ്വസിക്കുവാനോ വിശ്വസിക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കുമുണ്ട്. എന്നാൽ ബലപ്രയോഗത്തിലൂടെയും അവിഹിതമാർഗ്ഗങ്ങളിലൂടെയും തങ്ങളുടെതന്നെ മതവിശ്വാസമോ പ്രത്യശാസ്ത്രങ്ങളോ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നവരെ സൂക്ഷിക്കണം. കുരുന്നു മനസ്സുകളിൽ നാം വിതയ്ക്കുന്ന ദൈവവിശ്വാസത്തിന്റെ വിത്തുകളെ മുളയിൽത്തന്നെ നുള്ളിക്കളഞ്ഞ് നാം ജീവനേക്കാളും വിലമതിക്കുന്ന സഭയുടെ വിശ്വാസത്തെയും ധാർമ്മികമൂല്യങ്ങളെ നശിപ്പിക്കാൻ തക്കവിധത്തിലുള്ള പാഠ്യപദ്ധതികളാണ് ഇന്ന് കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മതവിശ്വാസങ്ങളെയും ധാർമ്മികമൂല്യങ്ങളെയും മാനിക്കുമെന്ന് ഉറപ്പുതരുന്ന സ്ഥാനാർത്ഥികളെയായിരിക്കണം നാം പിൻതുണയ്ക്കേണ്ടത്.

- നിയമപരിഷ്ക്കരണത്തിന്റെ മറവിൽ ഭ്രൂണഹത്യ, ആത്മഹത്യ, ദയാവധം തുടങ്ങിയ ക്രൂരകൃത്യങ്ങളെ നിയമാനുസൃതമാക്കാനും സഭാസ്വത്തുക്കളുടെ സംവിധാനത്തിൽ രാഷ്ട്രീയം കലർത്തി അതിനെ താറുമാറാക്കാനുമുള്ള രഹസ്യ അജണ്ടയ്ക്ക് നിയമത്തിന്റ പിൻബലം നൽകാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇവയെ സംബന്ധിച്ചിടത്തോളം സ്ഥാനാർത്ഥികൾ തങ്ങളുടെ നിലപാട് വ്യക്തമാക്കണം.

- ഈ അടുത്തകാലത്ത് ഒറീസാ, കർണ്ണാടക, ഗുജറാത്ത് തുടങ്ങിയ പല സംസ്ഥാനങ്ങളിലും ക്രൈസ്തവരുൾപ്പെടെയുള്ള ന്യൂനപക്ഷങ്ങൾ ചില തീവ്രവാദികളുടെ ക്രൂരമായ ആക്രമണങ്ങൾക്ക് വിധേയരായ അനുഭവങ്ങൾ ഇനിയും നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞിട്ടില്ല. ഒറീസ്സയിൽ മാത്രം വൈദീകരും സന്യസ്തരുമുൾപ്പെടെ 81 പേരെ അവർകൊന്നു; 236 ദേവാലയങ്ങളും 36 മറ്റു സ്ഥാപനങ്ങളും അവർ തകർത്തു; 4477 ഭവനങ്ങളെ അവർ തീവച്ചുനശിപ്പിച്ചു, 22236 പേർക്ക് അഭയാർത്ഥി ക്യാമ്പുകളിലേയ്ക്കും ഏകദേശം 50000 പേർക്ക് കാടുകളിലേയ്ക്കും പലായനം ചെയ്യേണ്ടിവന്നു. ഈ വസ്തുതകളെല്ലാം കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടും വോട്ടു ബാങ്കുകളെ ഭയന്ന് പാർലമെന്റിൽ ഇതേക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യാനും കാര്യമായ എന്തെങ്കിലും നടപടികളെടുക്കാനും നമ്മുടെ ജനപ്രതിനിധികൾ ആരുംതന്നെ മുന്നോട്ടുവന്നില്ല. അതേസമയം തന്നെ ഇതേക്കുറിച്ച് ഇംഗ്ലണ്ടിലെ പ്രഭു സഭയിൽ രണ്ടരമണിക്കൂറോളം ചർച്ചയുണ്ടായിരുന്നു. ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന നൂനപക്ഷപീഡനങ്ങളോട് വോട്ടു ചോദിക്കുന്ന സ്ഥാനാർത്ഥികളുടെ പ്രതികരണമെന്താണെന്നും നാം അറിഞ്ഞിരിക്കണം. നൂനപക്ഷാവകാശങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ ബില്ല് കേരളത്തിലെ ഇരുമുന്നണികളും കൂട്ടുകൂടി പാസ്സാക്കിയ കാര്യവും നാം വിസ്മരിക്കരുത്.

- നിരവധി കമ്മിഷനുകളും നിയമവിദഗ്ധരും അനുഭാവപൂർവ്വമായ റിപ്പോർട്ടുകൾ സമർപ്പിച്ചുവെങ്കിലും ദളിദ ക്രൈസ്തവർക്ക് കിട്ടേണ്ട അവകാശങ്ങൾ ഇനിയും കിട്ടാതെ പോകുന്നതും വനിതാ സംവരണബിൽ പാർലമെന്റിൽ പാസ്സാക്കാൻ സാധിക്കാത്തതും കേന്ദ്രസർക്കാരിന്റെയും വിവിധ രാഷ്ട്രീയ പാർട്ടികളുടെയും നിഷേധാത്മകമായ

നിലപാടുകാരണമായിരുന്നു. ഇക്കാര്യങ്ങളിൽ ലോക്സഭയിലേയ്ക്കു പോകുവാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥികളുടെ നിലപാടുകളെന്തെന്ന് ചോദിക്കുവാൻ നമുക്കു കഴിയണം.

- വ്യക്തിയെ വെറുമൊരു ഉല്പന്നമായി കാണുന്ന ഒരു ഭരണഘടനയല്ല. ഓരോവ്യക്തിയുടെയും അന്തസ്സിനെയും അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും അങ്ങേയറ്റം മാനിച്ചുകൊണ്ട് എല്ലാവ്യക്തികളുടെയും സഹകരണത്തോടെ പൊതുനന്മ ഉന്നംവയ്ക്കുന്ന ഒരു ഭരണ സംവിധാനമാണ് നമുക്കുള്ളത്. ഭരണസംവിധാനത്തിൽ വ്യക്തികൾക്ക് നൽകേണ്ട പ്രാധാന്യം എടുത്തുകാണിച്ചുകൊണ്ട് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി ജനപ്രതിനിധികൾക്കു നൽകുന്ന ഉപദേശമിതാണ്: ''രാജ്യനന്മയ്ക്കായി പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനും നിസ്സഹായനുമായ വ്യക്തിയെ മനസ്സിൽ കാണുകയും ആസൂത്രണം ചെയ്യുന്ന പരിപാടികൾ ഈ വ്യക്തിയുടെ വളർച്ചയ്ക്ക് എത്രമാത്രം ഉപകരിക്കുമെന്ന് വിലയിരുത്തുകയും ചെയ്യണം''. ഇങ്ങനെ രാജ്യത്തോട് ആത്മാർത്ഥമായ സ്നേഹവും അവശത അനുഭവിക്കുന്നവരോട് സഹാനുഭൂതിയും മൂല്യബോധവും ത്യാഗമനോഭാവവും അർപ്പണബുദ്ധിയുമുള്ള വ്യക്തികളെ വേണം തിരഞ്ഞെടുത്ത് നാം ലോക്സഭയിലേയ്ക്ക് അയക്കേണ്ടത്.

- നിലവിലുള്ള ലോക്സഭയുടെ മൂന്നിലൊരു ഭാഗം ജനപ്രതിനിധികളും പല കുറ്റകൃത്യങ്ങളിലുമുൾപ്പെട്ടതു കാരണം ക്രിമിനൽ പശ്ചാത്തലമുള്ളവരാണ് എന്ന വസ്തുത നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. രാജ്യത്തിനാകമാനം നാണക്കേടുണ്ടാക്കുന്ന രീതിയിലാണ് ഇവരിൽ നല്ലൊരു ഭാഗവും സഭയ്ക്കുള്ളിൽ സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്നത്. ലോകസഭാ സമ്മേളനങ്ങളുടെ ഓരോ മണിക്കൂറും കോടിക്കണക്കിന് രൂപയുടെ ചിലവുവരുന്നതാണ്. എന്നാൽ അംഗങ്ങളുടെ കൂടെ കൂടെയുള്ള ബഹളവും ധിക്കാരപരമായ പെരുമാറ്റരീതികളും കാരണം ഇതുവരെയുള്ള സമ്മേളനങ്ങളുടെ നാലിലൊരു ഭാഗവും അവർ പാഴാക്കിക്കളയുകയാണ് ചെയ്തത്. അവസാനത്തെ സമ്മേളനത്തിൽ അംഗങ്ങളെ നിയന്ത്രിക്കാനാവാതെ വന്നപ്പോൾ വേദനയോടെ പൊട്ടിത്തെറിച്ചുകൊണ്ട് സ്പീക്കർ ഇപ്രകാരം പറയുന്നതു കേട്ടു: ''പാവപ്പെട്ട ജനങ്ങളുടെ പണം ഇങ്ങനെ ദുരുപയോഗിക്കുന്ന നിങ്ങളെ ഇനി വരുന്ന തിരഞ്ഞെടുപ്പിൽ തോല്പിച്ചുകൊണ്ട് ജനങ്ങൾ തന്നെ നിങ്ങളെ ഒരു പാഠം പഠിപ്പിക്കും''. അദ്ദേഹത്തിന്റെ നല്ല മനസ്സുകൊണ്ട് അദ്ദേഹം പിന്നീട് ഈ പ്രസ്താവന പിൻവലിച്ചുവെങ്കിലും നാം ഇതിനെ ഗൗരവമായിട്ടുതന്നെ എടുക്കുകയും വോട്ടു ചോദിച്ചു വരുന്ന സ്ഥാനാർത്ഥികളെല്ലാം ലോക്സഭയിൽ മാന്യമായിട്ടു പ്രവർത്തിക്കുമെന്ന് നാം ഉറപ്പുവരുത്തുകയും ചെയ്യണം.

- ലോക്സഭയുടെ അവസാന സമ്മേളനത്തിൽ പ്രധാന മന്ത്രി ഇന്ത്യയെ ലോകത്ത് വേഗം വളർന്നുകൊണ്ടിരിക്കുന്ന രണ്ടാമത്തെ രാജ്യമായി അഭിമാനത്തോടെ എടുത്തുകാണിക്കുകയുണ്ടായി. ശരിയാണ്. കാർഷിക-വ്യവസായ മേഖലകളിലും ശാസ്ത്രസാങ്കേതിക തലങ്ങളിലും വളരെ വേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഇന്ന് ലോകമാകെ അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യം ഒരു പരിധിവരെ ചെറുത്തു നിൽക്കുവാൻ ഇന്ത്യയ്ക്ക് സാധിക്കുന്നതും പദ്ധതികളുടെ വിവേക പൂർണ്ണമായ ആസൂത്രണവും അവയുടെ ഫലപ്രദമായ നടത്തിപ്പുമാണ്. എങ്കിലും ഈ വികസന പദ്ധിതകളുടെ സൽഫലങ്ങൾ സമൂഹത്തിലെ സമ്പന്നരിലും ഒരു നിശ്ചിത ശതമാനം ഇടത്തരക്കാരിലും ഒതുങ്ങി നിൽക്കുന്നതല്ലാതെ ഭൂരിഭാഗം വരുന്ന ദരിദ്രരിലേയ്ക്ക് ഇനിയും കടന്നു ചെന്നിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. കർഷകരുടെ തുടരെത്തുടരെയുള്ള ആത്മഹത്യകളും തൊഴിൽ രഹിതരുടെയും

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും വർദ്ധനവും, വികസനത്തിന്റെ പേരിൽ മത്സ്യത്തൊഴിലാളികളെ പോലുള്ള പരമ്പരാഗതമായ സമൂഹങ്ങളെ ചൂഷണം ചെയ്യുകയും ചിതറിക്കുകയും ചെയ്യുന്ന ഭുപരിഷ്ക്കരണ നിയമങ്ങളും ഈ ദിശയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. പ്രധാനമായും ദരിദ്രവിഭാഗങ്ങളെ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു വികസന പദ്ധതിയെക്കുറിച്ചുള്ള അവബോധവും അത് യാഥാർത്ഥ്യമാക്കാനുള്ള താല്പര്യവും കഴിവുമുള്ളവരാണോ നമ്മെ സമീപിക്കുന്ന സ്ഥാനാർത്ഥികളെന്ന് നാം പരിശോധിച്ചു നോക്കണം.

- വൻതോതിൽ അഴിമതികളാണ് ഇന്ന് പരക്കെ രാഷ്ട്രീയ പ്രവർത്തകർക്കെതിരെ ആരോപിക്കപ്പെടുന്നത്. താഴെക്കിടയിലുള്ള സർക്കാർ ജോലിക്കാരിലേയ്ക്ക് മാത്രമല്ല ഭരണത്തിന്റെ സിരാകേന്ദ്രങ്ങളിൽ ഇരിക്കുന്നവരിലേയ്ക്കും അഴിമതി വ്യാപിച്ചിട്ടുണ്ട് എന്ന വസ്തുത എല്ലാവർക്കുമറിയാവുന്നതാണ്. ഏതുകാര്യം നടക്കണമെങ്കിലും വൻതുകകൾ തന്നെ കൈക്കൂലിയായി ചേദിക്കുന്നതും കൊടുക്കുന്നതും ഒരു സാധാരണ സംഭവമായിത്തീർന്നിട്ടുണ്ട്. കൈക്കൂലികൊടുക്കാൻ കഴിവുള്ള സമ്പന്നരുടെ കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുമ്പോൾ അതിനു കഴിവില്ലാത്ത ദരിദ്രർക്ക് അർഹിക്കുന്നതും കിട്ടാതെപോകുന്നു. അഴിമതി കുറയണമെങ്കിൽ സമൂഹം ഉണരണം; അഴിമതിക്കെതിരായി ശക്തമായ നിലാപാടുകളെടുക്കുന്ന ജനപ്രതിനിധികളുണ്ടാവണം. തിരഞ്ഞെടുപ്പിന്റെ ഈ അവസരം ഇതിനായി നാം നന്നായി ഉപയോഗിക്കണം.

- സമൂഹത്തിന്റെ പ്രത്യേകിച്ചും നമ്മുടെ അതിരൂപതയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന പ്രധാന തിന്മകളിലൊന്നാണ് മദ്യപാനം. കേരളത്തിലെ മുഴുവൻ ജനങ്ങളുടെ പ്രധാന ആഹാരമായ അരിഭക്ഷണത്തിന് 3500 കോടി രൂപ ചിലവാക്കുമ്പോൾ പുരുഷന്മാർ മാത്രം മദ്യപാനത്തിനായി അതിന്റെ മൂന്നിരട്ടി തുകയായ പതിനായിരം കോടിയിലധികം രൂപയാണ് ചിലവാക്കുന്നത്. ഇതുകാരണം വികസനം തടസ്സപ്പെടുന്നുവെന്ന് മാത്രമല്ല അനേകായിരം കുടുംബങ്ങൾ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഭരണാധികാരികളും ജനപ്രതിനിധികളും മദ്യവ്യവസായത്തെ ഒരു വരുമാന മാർഗ്ഗമായിക്കണ്ട് പ്രോത്സാഹിപ്പിക്കുകയും അതിനുകൂട്ടു നിൽക്കുകയുമാണ് ചെയ്യുക. മദ്യവർജ്ജന നയങ്ങളോടും പ്രവർത്തനങ്ങളോടും അനുകൂലമായ നിലപാടുകൾ സ്വീകരിക്കുന്നവരെ വേണം ജനപ്രതിനിധികളായി നാം തിരഞ്ഞെടുക്കുവാൻ. കുറഞ്ഞത് പഞ്ചായത്തിരാജ് നഗരപാലിക നിയമങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്ന, ഒരു പ്രദേശത്ത് മദ്യഷാപ്പു വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാനുള്ള (237/447) വകുപ്പുകൾ പുനഃസ്ഥാപിക്കുവാനായി സർക്കാരിന്റെ മേൽ സമ്മർദ്ദം ചെലുത്താമെന്ന വാഗ്ദാനമെങ്കിലും നമുക്കു തരാൻ ഇവർക്ക് കഴിയണം.

ഇങ്ങനെ സ്ഥാനാർത്ഥികളോടൊപ്പമിരുന്ന് ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് ക്രിയാത്മകമായ വിമർശനങ്ങൾക്കും വ്യക്തമായ വിലയിരുത്തലുകൾക്കും നാം സമയം കണ്ടെത്തണം. ഇതിനെക്കാളൊക്കെ ഉപരിയായി നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ദൈവത്തിന് ഒരു പദ്ധതിയുണ്ടെന്ന ആഴമായ അവബോധം നമ്മിലുണ്ടായിരിക്കണം; ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനായി, നമ്മുടെ കഴിവിന്റെ പരമാവധി ചെയ്തതിനു ശേഷം, നാം ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കണം. ഉണർന്നിരുന്ന് പ്രാർത്ഥിക്കുവാനാണ് യേശു നമ്മോടാവശ്യപ്പെടുന്നത് (മത്താ. 26, 41). നല്ല ഭരണസംവിധാനത്തിനായും മൂല്യബോധവും സ്വഭാവശുദ്ധിയുമുള്ള ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പൗലോസ് അപ്പോസ്തലനും നമ്മെ ഉപദേശിക്കുന്നുണ്ട് (1 തിമോ. 2, 1-2). ഒരു പക്ഷേ പീഢനങ്ങളിലൂടെയും തിരസ്ക്കരണത്തിലൂടെയും കടന്നുപോകേണ്ടി

വന്നാലും പ്രാർത്ഥിക്കുന്നവർക്ക് അവസാനം എല്ലാം അവരുടെ നന്മയ്ക്കായിട്ട് പരിണമിക്കും. പ്രതിസന്ധികളുടെ അവസരങ്ങളിൽ ആദിമസഭാംഗങ്ങളെല്ലാം ഒരുമിച്ച് പ്രാർത്ഥിക്കുന്നതായിട്ടാണ് നാം കാണുന്നത്. യേശുവിന്റെ നാമത്തിൽ പ്രസംഗിച്ചുപോകരുതെന്ന് യഹൂദന്യായാധിപസംഘം അപ്പോസ്തലന്മാർക്കെതിരെ ഭീക്ഷണി മുഴക്കിയപ്പോൾ അവർ അത് സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും സമൂഹം ഒത്തൊരുമിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ''പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിൽ പ്രചോദിതരായി ദൈവവചനം ധൈര്യപൂർവ്വം പ്രസംഗിച്ചു'' (അപ്പ. പ്രവ. 4, 31) എന്നാണ് അവരുടെ പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ''എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്ക് വെളിപ്പെടുത്തും'' (ജെറെ 33, 3) എന്ന് ജറമിയാ പ്രവാചകൻ വഴി ദൈവം നമുക്ക് ഉറപ്പുതരുന്നു.

അതുകൊണ്ട് ഇന്നുമുതൽ പുതിയ ലോക്സഭ നിലവിൽ വരുന്നതുവരെ തിരഞ്ഞെടുപ്പിന്റെ വിജയത്തിനായും അർഹരായ ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്നതിനു വേണ്ടിയും നാം പ്രാർത്ഥിക്കണം. പ്രത്യേകിച്ച് നമ്മുടെ നിത്യാരാധന കേന്ദ്രങ്ങളിലും ദേവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും ദിവ്യകാരുണ്യം എഴുന്നെള്ളിച്ച് വച്ച് മേൽപറഞ്ഞ ഉദ്ദേശങ്ങൾക്കായി തീക്ഷണതയോടെ പ്രാർത്ഥിക്കുവാൻ എല്ലാവരും ഉത്സാഹം കാണിക്കണം. യാക്കോബ് അപ്പോസ്തലൻ ഏലിയായുടെ മാതൃക എടുത്തുകാണിച്ചുകൊണ്ട് നമുക്ക് നൽകുന്ന ഉറപ്പിതാണ്: ''നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലപ്രദവുമാണ്. ഏലിയ നമ്മെപ്പോലെ ഒരു മനുഷ്യനായിരുന്നു. മഴ പെയ്യാതിരിക്കാൻ അവൻ തീക്ഷണതയോടെ പ്രാർത്ഥിച്ചു. ഫലമോ മൂന്നുവർഷവും ആറുമാസവും ഭൂമിയിൽ മഴ പെയ്തില്ല. വീണ്ടും അവൻ പ്രാർത്ഥിച്ചു. അപ്പോൾ ആകാശം മഴ നൽകുകയും ഭൂമി ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു'' (യാക്കോ. 5, 16-18). തിരഞ്ഞെടുപ്പിന്റെ ഈ അവസരത്തിൽ നമുക്കും ഇതുപോലെ നമ്മുടെ രാജ്യത്തിനായും അതിലെ ഭരണാധികാരികൾക്കുവേണ്ടിയും ജനപ്രതിനിധികൾക്കുവേണ്ടിയും പ്രാർത്ഥിക്കാം. രാജ്യത്തെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതി അത്ഭുതാവഹമായ രീതിയിൽ നിറവേറുന്നത് നാം കാണുകതന്നെ ചെയ്യും.

ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

വെള്ളയമ്പലം
14.03.2009

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത